₹ 5/-

# റിയൽ ലൈഫ് വോയ്സ്

REAL LIFE VOICE

Monthly

Volume 11
Issue 8

**February 2023**

pages 24

"ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ട് ദൈവത്തിനു മഹത്വം കൊടുത്തു. അവൻ വാഗ്ദത്തം ചെയ്തത് പ്രവർത്തിപ്പാനും ശക്തൻ എന്ന് പൂർണ്ണമായി ഉറച്ചു. അതുകൊണ്ട് അത് അവന് നീതിയായി കണക്കിട്ടു"

**(റോമർ 4:20-22)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

| Since 2012 | REAL LIFE VOICE | No. 134 |
|---|---|---|

Volume 11 Issue 8 February 2023 pages 24 Rs.5/



**Email:**
reallifekottekad@gmail.com

**Website:**
www.reallifevoice.in



**Book No. 134**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
State Bank of India
*Branch:*
Punnamparambu
*IFS Code:*
SBIN0070342
*A/c No.:*
40447607951
*Name:*
Sebastian M V


## ഉള്ളടക്കം

പേജ്


- ഫൂൽമണിദാസി 3
- പ്രതികരണങ്ങൾ 6
- ദൈവത്തിന്റെ വിശ്വസ്തത (10) 7
- റോമർ 16 ലെ ദൈവമക്കൾ (7) 10
- ഹബക്കൂക് (12) 13
- ചോദ്യവും ഉത്തരവും (33) 16
- ബൈനോക്കുലർ (19) 18
- ഇമ്മാനുവിന്റെ സംശയങ്ങൾ (39) 20
- 21 വിദേശയാത്രകൾ 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# ഫൂൽമണിദാസി

## (ചോരയിൽ ചാലിച്ച ചോദ്യചിഹ്നം)

ഇൻഡ്യൻസംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും മാഹാത്മ്യത്തിനുമേൽ എന്നും ഒരു ചോദ്യചിഹ്നമായി നിലകൊള്ളുന്ന പേരാണ് ഫൂൽമണിദാസി. ഇന്ത്യക്കാരായ നാം എക്കാലത്തും തലകുനിച്ചു നിന്നുകൊണ്ട് മാത്രം കേൾക്കേണ്ട ഒരു പേര്! ബ്രിട്ടീഷുകാർ ഇന്ത്യയിൽ വന്ന് നമ്മുടെ സ്വന്തം സംസ്കാരത്തെ നശിപ്പിച്ചു എന്നു പരാതി പറയുന്നവരുടെ നേരെ ചോരയിൽ ചാലിച്ച ചോദ്യചിഹ്നമായി നിലകൊള്ളുന്ന ഒരു പേര്! അനാചാരങ്ങളുടെയും അജ്ഞതകളുടെയും തെറ്റായ കീഴ്‌വഴക്കങ്ങളുടെയും ഫലമായി ദാരുണമായ നിലയിൽ കൊല്ലപ്പെട്ടവരുടെ നിരയിലെ ഒരു പേര്! ഫൂൽമണിദാസി!

1889ലാണ് ഫൂൽമണിദാസി എന്ന പത്തുവയസ്സുകാരിയായ ബംഗാളിബാലിക കൊല്ലപ്പെട്ടത്. 'ഫൂൽമണി' എന്ന ബംഗാളിപേരിന്റെ അർത്ഥം 'പുഷ്പരത്നം' (Jewel among flowers) എന്നാണ്. പൂക്കളുടെ കൂട്ടത്തിലെ രത്നമായിരുന്നു അവൾ. മനോഹരമായ മന്ദമാരുതനിൽ ഇളകിയാടി, സൗന്ദര്യവും സൗരഭ്യവും സമ്മാനിച്ച്, ഉല്ലാസത്തോടെ നിൽക്കുന്ന പുഷ്പരത്നം തന്നെയായിരുന്നു അവൾ! പക്ഷേ എല്ലാം നഷ്ടപ്പെട്ടത് ഒറ്റ രാത്രി കൊണ്ടാണ് – അവളുടെ വിവാഹംകഴിഞ്ഞ് ആദ്യത്തെ രാത്രി തന്നെ ആ പുഷ്പരത്നം കൊഴിഞ്ഞുവീണു! അതിനെ തല്ലിക്കൊഴിച്ചു എന്നു പറയുന്നതാവും കൂടുതൽ ഉചിതം.

പത്ത് വയസ്സ് മാത്രമുള്ള ആ നിഷ്കളങ്കബാലികയെ വിവാഹം ചെയ്തത് മുപ്പതിലധികം വയസ്സുള്ള ഹരിമോഹൻ മെയ്തി എന്ന യുവാവായിരുന്നു. ശൈശവവിവാഹം എന്ന അനാചാരത്തിന്റെ ഇരയായിത്തീരാൻ വിധിക്കപ്പെട്ട ഫൂൽമണിദാസി എന്ന പെൺകുട്ടിയുടെ ജീവിതം ആദ്യരാത്രി തന്നെ സമാപിച്ചു. കിടപ്പറയിൽ അവളുടെ ശരീരം ചോരയിൽ കുതിർന്ന് മരവിച്ചു കിടന്നു! വിവാഹജീവിതത്തിന് പാകമാകാത്ത അവളുടെ പിഞ്ചുശരീരം കീറി, ചോരവാർന്ന്, അതിദാരുണമാം വിധം അവൾ കൊല്ലപ്പെട്ടു.

സംസ്കാരത്തിന്റെയും വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും കീഴ്‌വഴക്കങ്ങളുടെയും വക്താക്കളായി അന്ന് നിലകൊണ്ടിരുന്നവരും അന്ധകാരം ബാധിച്ചവരുമായ നാട്ടുകാരെ ഈ മരണം നടുക്കിയില്ല. ശൈശവവിവാഹം മൂലമുണ്ടാകുന്ന ആരോഗ്യ, മാനസികപ്രശ്നങ്ങളെക്കുറിച്ച് ഒട്ടും ബോധവാന്മാരല്ലാത്ത, ഇരുട്ടിന്റെ കുഴികളായിത്തീർന്ന നാട്ടുകാർ നടുങ്ങിയില്ലെങ്കിലും, ഫൂൽമണിദാസിയുടെ മരണത്തിൽ നടുങ്ങിയ ഒരു കൂട്ടരു ണ്ടായിരുന്നു – അന്ന് ഇവിടെ ഭരിച്ചിരുന്ന ബ്രിട്ടീഷുകാർ!

പെൺകുട്ടികളുടെ വിവാഹപ്രായം 12 വയസ്സ് ആക്കി ഉയർത്തിക്കൊണ്ട് ബിൽ അവതരിപ്പിക്കുകയും അത് പാസ്സാക്കി നിയമമാക്കുകയും ചെയ്തുകൊണ്ട് ബ്രിട്ടീഷുകാർ അതിവേഗം പ്രവർത്തിച്ചു. അങ്ങനെ ഫൂൽമണിദാസിയുടെ രക്തസാക്ഷിത്വം നിമിത്തം ഇന്ത്യയിലെ ബാക്കിയുള്ള പെൺകുഞ്ഞുങ്ങൾ 12 വയസ്സിനുമുമ്പ് വിവാഹിതരാകുന്നത് നിയമം മൂലം നിരോധിക്കപ്പെട്ടു.

ബ്രിട്ടീഷുകാർ സമ്മതപ്രായനിയമം, 1891 (Age of Consent Act, 1891) പാസ്സാക്കിയപ്പോൾ വൻതോതിലുള്ള പ്രതിഷേധം പല ഇന്ത്യക്കാരിൽനിന്നുമുണ്ടായി. ഇന്ത്യക്കാരുടെ മനസ്സിലെ വീരപുരുഷനായ ബാലഗംഗാധരതിലകൻ പോലും ഇതിനെ രൂക്ഷമായി എതിർത്തു. അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: “ഗവൺമെന്റ് പ്രയോജനപ്രദവും അനുയോജ്യവുമായ നടപടികളാണ് എടുക്കുന്നത് എന്ന് സങ്കൽപിച്ചാൽപോലും, ഞങ്ങളുടെ സാമൂഹിക ആചാരങ്ങളേയും ജീവിതരീതികളേയും നിയന്ത്രിക്കുന്ന വിധം ഗവൺമെന്റ് എന്തെങ്കിലും ചെയ്യുന്നത് ഞങ്ങൾക്കിഷ്ടമല്ല. *(Ref: wikipedia, Age of Consent Act, 1891).*

ഫൂൽമണിദാസി എന്ന നിസ്സഹായയായ ബാലികയുടെ ദീനരോദനവും ചോരയിൽ കുതിർന്ന കുഞ്ഞുശരീരവുമൊന്നും ഇവരുടെ കണ്ണ് തുറപ്പിക്കുവാൻ ഇടയായില്ല എന്നു പറയുമ്പോൾ എന്തു മാത്രം അധഃപതിച്ച നിലയിലായിരുന്നു ഇവരെല്ലാം എന്നു വ്യക്തമാകുന്നുണ്ടല്ലോ. ബ്രിട്ടീഷുകാരുടെ ചങ്കുറപ്പ്കൊണ്ടാണ് അവർ ആ നിയമം പാസ്സാക്കിയത്. 1829 ൽ സതി എന്ന ദുരാചാരം നിർത്തലാക്കിയപ്പോഴും എതിർപ്പുമായി ചിലർ മുന്നോട്ടുവന്നിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റ് നെഞ്ചുംവിരിച്ച് തന്നെ അവിടെയും നിന്നു. നിസ്സഹായരായ നിരവധി വിധവമാർ തീയിൽ വെന്ത് നശിക്കാതെ അങ്ങനെ രക്ഷപ്പെട്ടു.

സതി, ശൈശവവിവാഹം എന്നീ വിവരക്കേടുകൾക്കെതിരെ ഇന്ത്യക്കാർതന്നെ മുന്നോട്ടുവന്നിരുന്നു എന്നത് അഭിമാനകരമായ കാര്യമാണ്. തലയ്ക്കു വെളിവുള്ളവർ നമ്മുടെ ഇടയിലും ഉണ്ടായിരുന്നു എന്ന് വ്യക്തം.

എന്താണ് ഇതെല്ലാം ഇപ്പോൾ ഓർക്കാൻ ഇടയായത് എന്നും കൂടി പറയാം. കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ക്രിസ്ത്യൻ മിഷനറിമാരുടെ സേവനത്തെ പ്രകീർത്തിച്ചുകൊണ്ട് മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിച്ചത് 2023 ജനുവരി 18 ന് പത്രങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. ക്രിസ്ത്യൻമിഷനറിമാരും ബ്രിട്ടീഷ്സർക്കാരും നമ്മുടെ നാട്ടിൽ ചെയ്തിട്ടുള്ള നല്ല കാര്യങ്ങളെ ഒന്നു കൂടി ഓർക്കാൻ അങ്ങനെ ഇടയായിത്തീർന്നു. മുഖ്യമന്ത്രി പറഞ്ഞത് ഇപ്രകാരമായിരുന്നു:

> കേരളത്തിൽ വിദ്യാഭ്യാസവും വിദ്യാഭ്യാസ സ്ഥാപനങ്ങളും സാർവത്രികമാക്കുന്നതിൽ ക്രിസ്ത്യൻമിഷനറിമാർ വഹിച്ച പങ്ക് നിസ്തുലമാണ്. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ചാലകശക്തിയായി പ്രവർത്തിക്കാൻ മിഷനറിമാർക്കു കഴിഞ്ഞു. നമ്മുടെ നാട് ഇന്ന് പല കാര്യത്തിലും മുന്നിൽ നിൽക്കുന്നത് ശക്തമായ ഈ അടിത്തറ കൊണ്ടാണ്.

വിദ്യാഭ്യാസം ഒരു നാടിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. വിദ്യാഭ്യാസത്തിലൂടെ തെറ്റുകളെ തിരിച്ചറിയാൻ കഴിയണം. വിവേകം നേടാൻ കഴിയണം. കേവലം ബിരുദങ്ങൾ നേടിയതുകൊണ്ട് കാര്യമില്ല. അതിലൂടെ ലഭിക്കുന്ന അറിവുകൾ ജീവിതത്തിൽ പകർത്തുമ്പോൾ മാത്രമേ വിദ്യാഭ്യാസംകൊണ്ടുള്ള പ്രയോജനം പൂർണ്ണമാകുന്നുള്ളൂ. കുറെ കാലങ്ങളായി നാം ചെയ്തുപോരുന്ന കാര്യങ്ങളാണ് എന്നും പറഞ്ഞ് തെറ്റുകളെയും ദുരാചാരങ്ങളെയും ന്യായീകരിക്കാൻ നാം തുനിയരുത്.

യാഥാസ്ഥിതികരായ ചില ഇന്ത്യാക്കാരുടെ ശക്തമായ എതിർപ്പിനെ അവഗണിച്ചുകൊണ്ട് ബിട്ടീഷ് സർക്കാർ ഇവിടെ പാസ്സാക്കിയ ചില നിയമങ്ങൾ താഴെ കൊടുക്കുന്നു:

Bengal Sati Regulation Act 1829 (സതി നിർത്തലാക്കി); Indian Slavery Act 1843 (അടിമത്തം നിർത്തലാക്കി); Hindu Widow's Remarriage Act 1856 (ഹിന്ദുവിധവമാർക്ക് പുനർവിവാഹത്തിന് അനുവാദം നൽകി); Female Infanticide Prevention Act 1870 (പെൺശിശുഹത്യ നിരോധിച്ചു); Age of Consent Act 1891 (പെൺകുട്ടികളുടെ വിവാഹപ്രായം 12 വയസ്സ് ആക്കി ഉയർത്തി); Child Marriage Restraint Act 1929 (പെൺകുട്ടികളുടെ വിവാഹപ്രായം 14 ഉം ആൺകുട്ടികളുടേത് 18 ഉം ആയി ഉയർത്തി)

നമ്മുടെ നാടിന്റെ സ്ഥിതി എത്ര പരിതാപകരമായിരുന്നു എന്നു ഓർക്കുവാൻ ഇത്രയും മതി. ദുരാചാരങ്ങളെ ഉപേക്ഷിച്ച് നമ്മുടെ നാടിന്റെ പുരോഗതിക്കുവേണ്ടി ഏതെങ്കിലും നിലയിൽ പ്രവർത്തിക്കാനുള്ള ഉത്തരവാദിത്തം ഓരോ പൗരനുമുണ്ട്. അത് മറക്കാതിരിക്കുക. **(എംവിഎസ്)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം. പേരും അഡ്രസ്സും എഴുതാൻ മറക്കരുത്.**

**ഫോൺ: 95 44 557 557**

### Philip Memadam, Kalappakkada, Kollam

റിയൽ ലൈഫ് മാസിക ലഭിക്കുന്നുണ്ട്. ഡിസംബർമാസത്തിലെ *മുടികൊഴിച്ചിലും മനസ്സിന്റെ നീറ്റലും* എന്ന ലേഖനം അനേകർക്ക് ആശ്വാസമായിരിക്കും. സി.ഡി. ചെറിയാന്റെ കാന്തേ ഉണരുക എന്ന കവിത വളരെ മനോഹരമായിരിക്കുന്നു. മറ്റുള്ളവരുടെ സൃഷ്ടികൾ പ്രസിദ്ധീകരിക്കുമ്പോൾ അവരുടെ ഫോൺനമ്പർ രേഖപ്പെടുത്തുന്നത് നല്ലതാണ്. വായനക്കാർക്ക് അവരെ നേരിട്ട് വിളിച്ച് അഭിപ്രായം പറയാൻ കഴിയും.

ജനുവരിമാസത്തിലെ എഡിറ്റോറിയൽ വായിച്ചപ്പോഴാണ് സ്തുതിയും സ്തോത്രവും തമ്മിലുള്ള വ്യത്യാസം മനസ്സിലായത്. എനിക്കു മാത്രമല്ല മറ്റു പലർക്കും ഇതറിയില്ല. ഇത്തരം ലേഖനങ്ങൾ വളരെ പ്രയോജനകരമാണ്.

### A. V. Jose, Chownnur, Thrissur

ഞാൻ ഇഷ്ടപ്പെടുന്ന ഒരു മാസികയാണ് റിയൽ ലൈഫ് വോയ്സ്. ആശയങ്ങളോട് എനിക്ക് പൂർണ്ണയോജിപ്പ് ഇല്ലെങ്കിലും ഒരു ലക്കം പോലും മുടങ്ങാതെ സൂക്ഷിക്കുന്നു. വായിച്ചത് വീണ്ടും വായിക്കുകയും ചെയ്തുവരുന്നു. ക്രിസ്തുയേശുവിന്റെ കൃപ വർദ്ധിച്ചുവരുമാറാകട്ടെ. ❍

**visit our website**

www.reallifevoice.in

**വെബ്സൈറ്റിൽ ചേർത്തിട്ടുള്ള പുതിയ പുസ്തകം:**

**Faith and Baptism:**
**How Was It Taught and Practiced in the First Century?**

# ദൈവത്തിന്റെ വിശ്വസ്തത
## [ FAITHFULNESS OF GOD ]

സാഗറിലെ സുവിശേഷകനായിരുന്ന ഡോ. റ്റി. എ. കുര്യന്റെ ജീവചരിത്രം

**Prof. T. John Mathew**
പരിഭാഷ: എം. വി. സെബാസ്റ്റ്യൻ

10

**ഡോ. റ്റി. എ. കുര്യൻ**
**(1920–2007)**

**50-തിലധികം വർഷങ്ങൾ മദ്ധ്യപ്രദേശിലെ സാഗർ കേന്ദ്രമാക്കിക്കൊണ്ട് സുവിശേഷവേല ചെയ്തു.**

**ബൈബിളിന്റെ മൂലഭാഷകളായ ഹീബ്രുവും ഗ്രീക്കും പലരേയും പഠിപ്പിച്ചു.**

**ഹിന്ദിയിൽ 1036 പേജുകളുള്ള 'യീശു ചരിത മാനസ്' എന്ന മഹാകാവ്യം രചിച്ചു.**

**മഹാകവി കെ. വി. സൈമന്റെ ജീവചരിത്രം തയ്യാറാക്കി പ്രസിദ്ധീകരിച്ചു.**

അദ്ദേഹത്തിന്റെ മക്കൾക്കും കൊച്ചുമക്കൾക്കും വായിച്ചു മനസ്സിലാക്കാൻ കഴിയണമെന്നാഗ്രഹിച്ചതിനാൽ ഈ ഗ്രന്ഥത്തിന്റെ രചന ഇംഗ്ലീഷിലാണ് ഗ്രന്ഥകർത്താവ് നിർവ്വഹിച്ചത്. കേരളത്തിലെ വിശ്വാസികൾക്കു വേണ്ടി അത് പരിഭാഷപ്പെടുത്തി ഇവിടെ പ്രസിദ്ധീകരിക്കുന്നു.
**(എഡിറ്റർ)**

### 'നയാ ബസ്തി'യിലേക്ക് പോകുന്നു

1945 ജൂലൈ 25 ന് മത്തായിസഹോദരൻ കുര്യനെ ഒരു സുഹൃത്തിന്റെ വീട്ടിൽ കൊണ്ടുപോയി. കുറഞ്ഞ വാടകയ്ക്ക് അവിടെ താമസിക്കാൻ അദ്ദേഹത്തിന് അനുവാദം ലഭിച്ചു. ആ വീടിന്റെ പേര് 'നയാ ബസ്തി' എന്നായിരുന്നു.

ആ വീട്ടിൽ വേറെ രണ്ടു ചെറുപ്പക്കാരുണ്ടായിരുന്നു. ഒരാൾ ഹിന്ദു ബ്രാഹ്മണനും മറ്റെയാൾ ഒരു ക്രിസ്ത്യാനിയുമായിരുന്നു. ശ്രീ. കുര്യൻ ആ ബ്രാഹ്മണയുവാവിനോട് സുവിശേഷം പങ്കുവച്ചു. ആ യുവാവ് യേശുവിനായി സ്വന്തം ജീവിതം സമർപ്പിച്ചില്ലെങ്കിലും, കുര്യൻ ചെയ്യുന്ന പ്രവർത്തനം വിലപ്പെട്ടതാണെന്നും അതിനെ അഭിനന്ദിക്കുന്നുവെന്നും പറഞ്ഞു.

ഭക്ഷണത്തിനും താമസത്തിനും വേണ്ട പണം കയ്യിൽ ഇല്ലാത്തതുകൊണ്ട് ശ്രീ. കുര്യൻ ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ വിശ്വസിച്ച് ദൈവത്തോട് പ്രാർത്ഥിച്ചു. ദൈവം തന്റെ ദാസനെ കൈവിട്ടില്ല.

ആഗസ്റ്റ് 7–ാം തീയതി പോസ്റ്റുമാൻ പത്ത് രൂപയുടെ മണിയോർഡർ കൊണ്ടുവന്നു കൊടുത്തു. അതിൽ ഏകദേശം ഒമ്പത് രൂപ ഭക്ഷണാവശ്യത്തിന് തന്നെ കൊടുക്കേണ്ടതുണ്ടായിരുന്നു. സാമ്പത്തികബുദ്ധിമുട്ട് നല്ല രീതിയിൽ ഉണ്ടായിരുന്നുവെങ്കിലും അദ്ദേഹം വിശ്വാസത്തിൽ ക്ഷീണിച്ചില്ല. "ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ല" (എബ്രായർ 13:5) എന്ന വാഗ്ദത്തം അദ്ദേഹം വിശ്വസിച്ചു.

ഇന്ത്യയുടെ ഹൃദയഭൂമിയായ മദ്ധ്യപ്രദേശിലും അതിന്റെ ചുറ്റുപാടുമുള്ള പ്രദേശങ്ങളിലും തന്നെ ഏൽപ്പിച്ച മഹത്തായ ജോലി ചെയ്യാൻ ദൈവം തന്നെക്കുറിച്ച് ആഗ്രഹിക്കുന്നുണ്ടെന്ന കാര്യത്തിൽ അദ്ദേഹത്തിന് യാതൊരു സംശയവുമില്ലായിരുന്നു. അതുകൊണ്ട് സാമ്പത്തികപ്രശ്നങ്ങൾ നിമിത്തമോ മറ്റേതെങ്കിലും പ്രശ്നങ്ങൾ നിമിത്തമോ പിന്മാറാൻ അദ്ദേഹം തയ്യാറായിരുന്നില്ല.

**മകളുടെ അസുഖം**

മധുരയിൽ ശ്രീ. എം. ഈ. ചെറിയാന്റെ കൂടെ കഴിഞ്ഞിരുന്ന തന്റെ ഭാര്യയെയും മകളെയും നാഗ്പൂരിലേക്ക് കൊണ്ടുവരാൻ ശ്രീ. കുര്യൻ ആഗ്രഹിച്ചുവെങ്കിലും സാമ്പത്തികപരാധീനതകൾ നിമിത്തം നല്ലൊരു വീട് ലഭിക്കാതെ പോയതുകൊണ്ട് അതിന് കഴിഞ്ഞില്ല. അപ്പോഴാണ് അദ്ദേഹത്തിന്റെ മകൾ രോഗബാധിതയായി ആശുപത്രിയിലാണെന്നും സ്ഥിതി ഗുരുതരമാണെന്നുമുള്ള വാർത്ത അദ്ദേഹത്തെ തേടിയെത്തിയത്.

ഈ വാർത്ത അദ്ദേഹത്തെ ഉത്കണ്ഠാകുലനാക്കി. എല്ലാവരും ആ മകൾക്കുവേണ്ടി പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു. കുറച്ചു ദിവസത്തെ ചികിത്സയ്ക്കുശേഷം അവൾ സുഖംപ്രാപിക്കുകയും എം. ഈ. ചെറിയാന്റെ വീട്ടിലേക്ക് കൊണ്ടുവരികയും ചെയ്തു. ഈ വാർത്ത കുര്യന് ആശ്വാസമേകി. അദ്ദേഹം ദൈവത്തോട് നന്ദി പറഞ്ഞു.

**വഴിയിൽ തടസ്സങ്ങൾ**

അത്യാവശ്യത്തിന് വേണ്ട പണം കയ്യിലില്ലാത്തത് മുന്നോട്ടുള്ള യാത്രയിൽ വലിയൊരു തടസ്സം തന്നെയായിരുന്നുവെങ്കിലും, കർത്താവിലാശ്രയിച്ച് മുന്നോട്ടു നീങ്ങാൻ തന്നെയായിരുന്നു കുര്യന്റെ തീരുമാനം. അദ്ദേഹത്തിന്റെ ഡയറിയിൽ 1945 ആഗസ്റ്റ് 10–ാം തീയതി അദ്ദേഹം കുറിച്ചുവച്ചിരിക്കുന്നത് ഒരു പോസ്റ്റ്കാർഡ് വാങ്ങാൻ പോലുമുള്ള പണം കൈവശമില്ലാത്ത അവസ്ഥയായിരുന്നു തനിക്കുണ്ടായിരുന്നത് എന്നാണ്. കിടക്കുവാൻ തലയണയോ മെത്തയോ ഉണ്ടായിരുന്നില്ല. എന്നിട്ടും അദ്ദേഹം നിരു

ത്സാഹപ്പെട്ടില്ല. വാടക കൊടുക്കാനില്ലാത്തതു നിമിത്തം മരത്തണലിൽ കിടന്നുറങ്ങേണ്ടിവന്നാലും ദൈവം ഏൽപ്പിച്ച ജോലിയിൽനിന്നും പിന്മാറുകയില്ല എന്നു അദ്ദേഹം നിശ്ചയിച്ചിരുന്നു.

**പ്രസംഗിക്കാൻ തുടങ്ങുന്നു**

പൊതുസ്ഥലങ്ങളിൽ പ്രസംഗിച്ചും, വ്യക്തിപരമായി സുവിശേഷം പങ്കുവച്ചും, ലഘുലേഖകൾ വിതരണം ചെയ്തും അദ്ദേഹം തന്റെ ശുശ്രൂഷയിൽ മുന്നേറി. അദ്ദേഹത്തെ ഈ ശുശ്രൂഷയിൽ സഹായിക്കാൻ വേറെ ആരും ഒപ്പമുണ്ടായിരുന്നില്ല. ഒറ്റയ്ക്കുള്ള ഈ മുന്നേറ്റത്തിൽ ദൈവം തന്റെ കൂടെയുണ്ടെന്നും അതു ധാരാളം മതി എന്നും അദ്ദേഹം തിരിച്ചറിഞ്ഞു. ഈ നിലയിൽ ശുശ്രൂഷ ആരംഭിച്ച് അധികം വൈകാതെ ഒരു സൈക്കിൾ വാങ്ങാനുള്ള പണം ദൈവം അദ്ദേഹത്തിന് നൽകി. സുവിശേഷം പ്രസംഗിക്കുവാനും ലഘുലേഖകൾ വിതരണം ചെയ്യുവാനുമായി പല സ്ഥലങ്ങളിലേക്ക് സഞ്ചരിക്കുവാൻ ആ സൈക്കിൾ അദ്ദേഹത്തിന് പ്രയോജനപ്പെട്ടു.

ഓരോ ദിവസവും കുറെ ലഘുലേഖകളുമായി സൈക്കിളിൽ പോകുന്ന കുര്യൻ ആ ലഘുലേഖകൾ വിതരണം ചെയ്യുകയും ദൈവവചനം കേൾക്കാൻ മനസ്സു വയ്ക്കുന്നവരോട് സുവിശേഷം പറയുകയും ചെയ്യുമായിരുന്നു. പുതിയ ഷർട്ട് വാങ്ങാൻ മാർഗ്ഗമില്ലാത്തതുകൊണ്ട് കീറിയ ഷർട്ട് ധരിക്കുന്നതിൽ അദ്ദേഹം സംതൃപ്തി കണ്ടെത്തി. അദ്ദേഹം തന്റെ ഡയറിയിൽ കുറിച്ചത് ഇപ്രകാരമായിരുന്നു: “ലോകം ഇതിനെപ്പറ്റി അറിയാൻ ഇടയായാൽ, ദൈവദാസന്മാർ കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ഷർട്ടുകളും മാത്രം കൈവശമുള്ളവരായാണ് സുവിശേഷവേല ആരംഭിച്ചിട്ടുള്ളത് എന്നു അവർ മനസ്സിലാക്കട്ടെ”

**(തുടരും)**

## എന്താ സതീശാ ഇങ്ങള് ഇങ്ങനെ?

പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശന് നമ്മുടെ ധനമന്ത്രി അവതരിപ്പിച്ച ബജറ്റ് തീരെ ഇഷ്ടപ്പെട്ടില്ലാത്രേ! കഴിഞ്ഞ 25 വർഷത്തിനുള്ളിൽ പൊതുജനത്തെ ഇത്രത്തോളം സമർത്ഥമായി ഞെക്കിപ്പിഴിഞ്ഞ് ഊറ്റുംവിധം തയ്യാറാക്കിയ മറ്റൊരു ബജറ്റില്ല. അതിനെ അഭിനന്ദിക്കയല്ലേ വേണ്ടത്? സോഡാസർബത്ത് ചോദിച്ചാൽ ചില കടക്കാർ അതിൽ ചേർക്കുന്ന ചെറുനാരങ്ങ, അതിലെ അവസാനത്തുള്ളി നീര് വരെ കിട്ടാനായി ആവർത്തിച്ച് ഞെക്കിപിഴിയുന്നത് കാണാം. ആ ചെറുനാരങ്ങയുടെ ഗതി ഓരോ മലയാളിക്കും വരുത്തുന്ന വിധം തയ്യാറാക്കിയ ബജറ്റിൽ സന്തോഷിക്കൂ, മി. സതീശൻ. ❍

# റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ

7

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**9. ഉർബ്ബാനൊസ്**

**10. സ്താക്കു**

*"ക്രിസ്തുവിൽ ഞങ്ങളുടെ കൂട്ടുവേലക്കാരനായ ഉർബ്ബാനൊസിനും എനിക്കു പ്രിയനായ സ്താക്കുവിനും വന്ദനം ചൊല്ലുവിൻ" (റോമർ 16:9).*

ഏകദേശം 2000 വർഷങ്ങൾക്കു മുമ്പ് റോമിലെ സഭയിലുണ്ടായിരുന്ന വിശ്വാസികൾ! അവരെ നമുക്കുകൂടി പരിചയപ്പെടാൻ ഒരു അവസരം ലഭിച്ചിരിക്കുന്നു! റോമർ 16-ാം അദ്ധ്യായം വായിക്കുമ്പോൾ നാം റോമാസഭയിൽ എത്തിയ പ്രതീതിയാണ് ഉളവാകുന്നത്. നാം അവിടെ ഓരോരുത്തർക്കും കൈ (ഷെയ്ക് ഹാൻഡ്) കൊടുക്കുന്ന പോലെ ചിന്തിക്കാം. ഇപ്പോൾ ഇതാ രണ്ടു സഹോദരന്മാർ നമ്മെ സമീപിച്ചിരിക്കുന്നു - ഉർബ്ബാനൊസ്, സ്താക്കു.

**സുനെർഗൊസ്**

'സുനെർഗൊസ്' എന്ന ഗ്രീക്ക് പദത്തിന് 'കൂട്ടുവേലക്കാരൻ' എന്നാണ് അർത്ഥം. ഉർബ്ബാനൊസ് കൂട്ടുവേലക്കാരൻ (സുനെർഗൊസ്) ആണെന്നാണ് പൗലൊസ് എഴുതിയിരിക്കുന്നത്. പൗലൊസിന്റെ ലേഖനങ്ങൾ പരിശോധിച്ചാൽ വെറെയും ചിലരെ കൂട്ടുവേലക്കാർ എന്നു വിളിച്ചിരിക്കുന്നതായി കാണാം. അക്വിലാവും പ്രിസ്കില്ലയും (റോമർ 16:3), തിമൊഥെയൊസ് (റോമർ 16:21), തീത്തൊസ് (2 കൊരിന്ത്യർ 8:23), എപ്പഫ്രൊദിത്തൊസ് (ഫിലിപ്പിയർ 2:25), ക്ലേമന്ത് (ഫിലിപ്പിയർ 4:3), യുസ്തൊസ് (കൊലൊസ്യർ 4:11), ഫിലേമോൻ (ഫിലേമോൻ 1:1) മർക്കൊസ്, അരിസ്തർക്കൊസ്, ദേമാസ്, ലൂക്കൊസ് (ഫിലേമോൻ 1:24) ഇവരെയെല്ലാം സുനെർഗൊസ് എന്നു പൗലൊസ് വിശേഷിപ്പിച്ചിട്ടുണ്ട്.

കർത്താവിന്റെ വയലിൽ അദ്ധ്വാനിക്കാൻ നാം തയ്യാറായാൽ നാം പലരുടെയും കൂട്ടുവേലക്കാർ ആകും. പരസ്പരം സുനെർഗൊസ് ആകാനുള്ള

അവസരമാണ് അങ്ങനെ നമുക്ക് കൈവരുന്നത്. ഒരേ യജമാനന്റെ കീഴിൽ ആ യജമാനനെ പ്രസാദിപ്പിക്കാൻ വേണ്ടി മാത്രം ജോലി ചെയ്യുന്ന ദാസന്മാർ! ഉർബ്ബാനൊസ് അങ്ങനെയുള്ള ദാസനായിരുന്നു. പൗലൊസും അങ്ങനെത്തന്നെയായിരുന്നു. അങ്ങനെ അവർ രണ്ടുപേരും സുനെർഗൊസ് ആയിത്തീർന്നു.

'ക്രിസ്തുവിൽ ഞങ്ങളുടെ കൂട്ടുവേലക്കാരൻ' എന്നാണ് പൗലൊസ് ഉർബ്ബാനൊസിനെക്കുറിച്ച് എഴുതിയത്. പണ്ട് പൗലൊസ് യഹൂദനായിരുന്നപ്പോൾ കൂടെയുണ്ടായിരുന്ന യെഹൂദമതത്തിലെ കൂട്ടുവേലക്കാരെ പൗലൊസ് വിലമതിക്കുന്നില്ല. ക്രിസ്തുവിലുള്ള ബന്ധങ്ങളെ മാത്രമാണ് അദ്ദേഹം വിലമതിക്കുന്നത്. ക്രിസ്തു നിമിത്തമുള്ള ബന്ധങ്ങളേക്കാൾ ഇന്നു പല വിശ്വാസികളും മൂല്യം കൊടുക്കുന്നത് മറ്റു പല ബന്ധങ്ങൾക്കാണ്.

അവിശ്വാസികളായ ബന്ധുക്കൾ, ജോലിസ്ഥലത്തെ സുഹൃത്തുക്കൾ ഇവർക്കൊക്കെയുള്ള സ്ഥാനം കഴിഞ്ഞാണ് പലരുടെയും മനസ്സിൽ ക്രിസ്തുവിലുള്ള സഹോദരന്മാർക്കും കൂട്ടുവേലക്കാർക്കും സ്ഥാനമുള്ളത്. ക്രിസ്തുമൂലമുള്ള ബന്ധങ്ങളുടെ മൂല്യം തിരിച്ചറിയാതെ പോകുന്നത്, ദൈവജനം എന്തുമാത്രം അധഃപതിച്ചിരിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവാണ്.

**അഗാപെറ്റൊസ്**

സ്താക്കു എന്ന സഹോദരനെക്കുറിച്ച് അവൻ പ്രിയനാണ് എന്നാണ് പൗലൊസ് എഴുതിയിരിക്കുന്നത്. പ്രിയൻ എന്നതിനു തത്തുല്യമായ ഗ്രീക്ക് പദം 'അഗാപെറ്റൊസ്' എന്നാണ്. ഉർബ്ബാനൊസിനെ സുനെർഗൊസ് എന്നു വിശേഷിപ്പിച്ച പൗലൊസ് സ്താക്കുവിനെ അഗാപെറ്റൊസ് എന്നു വിശേഷിപ്പിച്ചിരിക്കുന്നു. മറ്റു പലരെയും പൗലൊസ് ഇതുപോലെ വിശേഷിപ്പിച്ചിട്ടുണ്ട്. 'ഇവൻ എന്റെ പ്രിയപുത്രൻ' എന്നു പിതാവ് പുത്രനെക്കുറിച്ച് പറഞ്ഞിട്ടുള്ള സ്ഥലങ്ങളിലെല്ലാം അഗാപെറ്റൊസ് എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. വെറും സ്നേഹബന്ധമല്ല, ഉറ്റ സ്നേഹബന്ധമാണ് ഉദ്ദേശിച്ചിരിക്കുന്നത് എന്നു വ്യക്തം.

ദൈവസഭയിൽ നമുക്ക് എത്ര പ്രിയന്മാരുണ്ട് എന്നു ചിന്തിക്കുന്നത് ഈ അവസരത്തിൽ നല്ലതാണ്. ആ സഹോദരൻ/സഹോദരി എന്റെ അഗാപെറ്റൊസ് ആണ് എന്ന് നമുക്ക് എത്ര പേരെക്കുറിച്ച് പറയാൻ കഴിയും? ആത്മികമായ മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നവർ ഗണ്യമായി കുറഞ്ഞിട്ടുള്ള ഈ തലമുറയിൽ അഗാപെറ്റൊസുമാരെ നേടിയെടുക്കുന്നത് പ്രയാസം തന്നെയാണ്. തെറ്റുകളെ ചൂണ്ടിക്കാണിച്ചാൽ തകരുന്ന ബന്ധങ്ങൾ, വല്ല ഉപദേശവും കൊടുത്താൽ തകരുന്ന ബന്ധങ്ങൾ, വ്യക്തമായ തെളിവുവാക്യങ്ങളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചാൽ തകരുന്ന

ബന്ധങ്ങൾ... ഇങ്ങനെയുള്ള പശ്ചാത്തലത്തിൽ പ്രിയന്മാരായ സഹോദര ങ്ങളുടെ എണ്ണം കുറഞ്ഞുവരിക സ്വാഭാവികമാണ്.

തെറ്റുകൾക്കു നേരെ കണ്ണടച്ചും, കുറെ കാര്യങ്ങൾ കണ്ടില്ലെന്നു നടിച്ചും, ഉപദേശപരമായി വിട്ടുവീഴ്ചകൾ ചെയ്തും നമുക്ക് കുറെ സ്നേഹ ബന്ധങ്ങൾ വളർത്തിയെടുക്കാൻ കഴിഞ്ഞേക്കും. പക്ഷേ അങ്ങനെ ലഭി ക്കുന്ന സ്നേഹിതന്മാർ തിരുവെഴുത്തുപ്രകാരമുള്ള പ്രിയന്മാർ (അഗാപെ റ്റൊസ്) ആവുകയില്ല. അത്തരം സ്നേഹബന്ധങ്ങൾ ആത്മികമായി മുന്നേ റാൻ നമ്മെ സഹായിക്കുകയുമില്ല. ഇവിടെയാണ് നാം സ്താക്കു എന്ന സഹോദരനെ ബഹുമാനിച്ചുപോകുന്നത്. പൗലൊസിനെപ്പോലെ ആത്മിക കാര്യങ്ങളിൽ കർക്കശനായ ഒരാളുടെ പ്രിയനാകാൻ സ്താക്കുവിനു കഴി ഞ്ഞു. സ്താക്കു എത്രത്തോളം ദൈവസഭയ്ക്ക് പ്രയോജനകരമായിരുന്നു എന്ന് ഇതിൽനിന്നും മനസ്സിലാക്കാമല്ലോ.

തിരുവെഴുത്തിൽ വേറെ ഒരിടത്തും ഇവരെക്കുറിച്ചു പരാമർശിച്ചിട്ടില്ല. ഉർബ്ബാനൊസിനെയും സ്താക്കുവിനെയും കുറിച്ച് തിരുവെഴുത്തിൽ പറഞ്ഞി ട്ടുള്ള കാര്യം പല ദൈവമക്കൾക്കും അറിവില്ല. അല്ലെങ്കിൽ ഓർമ്മയില്ല. എന്നാൽ നാം അറിഞ്ഞിരിക്കുക, ഒന്നാം നൂറ്റാണ്ടിൽ കർത്താവിന്റെ വേല യിൽ തഴച്ചുവളർന്ന രണ്ടു സഹോദരന്മാരാണ് ഇവർ. അപമാനങ്ങളും കഷ്ട ങ്ങളും സഹിച്ച്, മരണഭയത്തെ അതിജീവിച്ച്, ഈ ഭൂമിയിലെ പേരും പ്രശ സ്തിയും പ്രതീക്ഷിക്കാതെ കർത്താവിന്റെ മുമ്പാകെ വിശ്വസ്തതയോടെ നിലനിന്നവർ! അവർ ലോകപ്രകാരം ഒന്നും നേടിയില്ലായിരിക്കാം. പക്ഷേ ദൈവമുമ്പാകെ അവർ വിശ്വസ്തരായിരുന്നു. അതുകൊണ്ടാണ് പൗലൊ സിനെപ്പോലുള്ള ഒരാളുടെ സുനെർഗൊസും അഗാപെറ്റൊസും ആകാൻ അവർക്കു കഴിഞ്ഞത്.

ഉർബ്ബാനൊസിനെക്കുറിച്ചു ഞങ്ങളുടെ കൂട്ടുവേലക്കാരൻ എന്നു പറഞ്ഞ പൗലൊസ്, സ്താക്കുവിനെക്കുറിച്ച് എന്റെ (എനിക്കു) പ്രിയനായവൻ എന്നാണ് പറഞ്ഞത്. സ്താക്കു എന്ന സഹോദരനെക്കുറിച്ച് പൗലൊസിന് നല്ല മതിപ്പാണ് എന്നർത്ഥം. മറ്റാർക്കെങ്കിലും ഒരുപക്ഷേ എതിരഭി പ്രായമുണ്ടായിരിക്കാം. എല്ലാവരെയും സന്തോഷിപ്പിക്കാൻ ആർക്കുമാവി ല്ലല്ലോ. ഏതായാലും പൗലൊസിന് സ്താക്കുവിനെക്കുറിച്ച് നല്ല അഭിപ്രാ യമുണ്ടായിരുന്നു. **(തുടരും)**


**പ്രതികരണങ്ങൾ അറിയിക്കുക**

മാസികയിലെ ലേഖനങ്ങളെക്കുറിച്ചുള്ള മാന്യവായനക്കാരുടെ പ്രതികരണങ്ങൾ അറിയിക്കുക. ഫോണിലൂടെ വിളിച്ചുപറയാം.

# ഹബക്കൂക്

## (പുസ്തകപഠനം)

12

**-എംവിഎസ്-**

**ഹബക്കൂക് 2:2**

*യഹോവ എന്നോടു ഉത്തരം അരുളിയത്: നീ ദർശനം എഴുതുക; ഓടിച്ചു വായിപ്പാൻ തക്കവണ്ണം അതു പലകയിൽ തെളിവായി വരയ്ക്കുക.*

**'യഹോവ ....ഉത്തരം അരുളിയത്'**

ദൈവമാണ് ഹബക്കൂകിന് ഉത്തരം നൽകിയത്. ദൈവത്തിൽനിന്ന് ഉത്തരം/മറുപടി പ്രതീക്ഷിച്ചു കഴിയുന്നത് ഭാഗ്യകരമായ അനുഭവമാണ്. ദൈവത്തിൽനിന്ന് മറുപടി ലഭിക്കുന്നതുവരെ ക്ഷമയോടെ കാത്തിരിക്കുന്നതും ഭാഗ്യകരമായ അനുഭവമാണ്. ദൈവത്തിൽനിന്നുള്ള മറുപടി ലഭിക്കുന്നതിനു മുൻപ് ചാടിപ്പുറപ്പെട്ട് ഓരോരോ കാര്യങ്ങൾ സ്വന്തമായി ചെയ്യുന്നത് വളരെ ദോഷം ചെയ്യുകയേയുള്ളൂ.

മകനെ ലഭിക്കും എന്നു അബ്രാഹാമിനോടു ദൈവം പറഞ്ഞുവെങ്കിലും (ഉല്പത്തി 15:4), പിന്നെയും 25 കൊല്ലം കഴിഞ്ഞാണ് ദൈവം ആ വാക്ക് പാലിച്ചത്. അങ്ങനെയാണ് യിസ്ഹാക്ക് അബ്രാഹാമിനു ജനിക്കുന്നത്. എന്നാൽ അബ്രാഹാം പത്തു വർഷം മാത്രമേ ഈ വാഗ്ദത്തത്തിനുവേണ്ടി ക്ഷമയോടെ കാത്തിരുന്നുള്ളൂ. അപ്പോഴേക്കും തിരക്കിട്ടു ചിലത് പ്രവർത്തിച്ചു. അങ്ങനെ യിശ്മായേൽ ജനിക്കുകയും ചെയ്തു. പിന്നെയും 15 കൊല്ലം കഴിഞ്ഞിട്ടാണ് യിസ്ഹാക്ക് ജനിച്ചത്. യിശ്മായേലിന്റെ ജനനം അന്നു മുതൽ ഇന്നുവരെ ലോകത്തിൽ പല പ്രശ്നങ്ങൾക്കും കാരണമായിരിക്കുന്നുവല്ലോ.

ദൈവം ഒരു കാര്യം തരാമെന്നു പറഞ്ഞിട്ട് അതു ലഭിക്കാനായി 25 വർഷം കാത്തിരിക്കുകയോ! അതിനു തയ്യാറുള്ളവരാണ് അനുഗ്രഹിക്കപ്പെടുന്നത്. കർത്താവിന്റെ വീണ്ടും വരവിന്റെ കാര്യം നോക്കൂ. വീണ്ടും വരും എന്നുള്ള വാഗ്ദത്തം ഇതുവരെയും നടപ്പിലായിട്ടില്ല. ഒന്നാം നൂറ്റാണ്ടിൽ തന്നെ കർത്താവ് വരും എന്നു അവർ പ്രതീക്ഷിച്ചിരുന്നു. പക്ഷേ കർത്താവ് ഇപ്പോഴും വന്നിട്ടില്ല. അതുകൊണ്ട് നാമുൾപ്പെടെ അനേകർക്ക് ദൈവത്തോടുകൂടി നിത്യത ചെലവഴിക്കാനുള്ള അവസരം ലഭിച്ചു. കർത്താവ് നേരത്തെ വന്നിരുന്നുവെങ്കിൽ ഇതൊന്നും സാധ്യമാകുമായിരുന്നില്ല. ദൈവം എല്ലാം തക്കസമയത്ത് ചെയ്തുകൊള്ളും.

ക്ഷമയോടെ കാത്തിരിക്കുന്നതിൽ പരാജയപ്പെട്ട് കയ്പുനീർ കുടിച്ചവരുടെ ഒരു ലിസ്റ്റ് നോക്കാം:

1. അബ്രാഹാം (യിശ്മായേൽ ജനിച്ചു. സ്വന്തം സമാധാനവും ലോക സമാധാനവും നശിച്ചു)

2. ശൗൽ (യാഗം കഴിച്ചു. സിംഹാസനവും കിരീടവും നഷ്ടപ്പെട്ടു)

3. യുസ്തൊസ് യോസേഫ് (1835–1887 ആണ് അദ്ദേഹത്തിന്റെ ജീവിത കാലഘട്ടം. പാലക്കാടിന്നടുത്തുള്ള ഒരു ഗ്രാമത്തിലെ തമിഴ്ബ്രാഹ്മണകുടുംബത്തിൽ ജനിച്ചു. രാം അയ്യർ എന്നായിരുന്നു പേര്. 1861 ൽ സ്നാനമേറ്റപ്പോൾ പേര് യുസ്തൊസ് യോസേഫ് എന്നാക്കി. സിഎംഎസ് സഭയിലെ അച്ചനായി പിന്നീട് നിയമിതനായി. 1881 ഒക്ടോബർ 2–ാംതീയതി രാത്രി കർത്താവ് വരുമെന്നു പ്രസംഗിച്ചു. അന്നേ ദിവസം രാത്രി അദ്ദേഹവും അനുയായികളും കർത്താവിനുവേണ്ടി കാത്തിരുന്നു. കർത്താവ് വരാതെയായപ്പോൾ ഉള്ളം തകർന്ന് അവിടെയിരുന്നു ഒരു പാട്ട് എഴുതി: *കാന്താ, താമസമെന്തഹോ! വന്നിടാൻ യേശു...* 1881 ഒക്ടോബർ 2 നുശേഷം അദ്ദേഹം എല്ലാ പ്രവർത്തനങ്ങളിൽനിന്നും ഉൾവലിഞ്ഞ് തന്നിലേക്കു തന്നെ ഒതുങ്ങിക്കൂടി. 1887 ൽ തന്റെ 52–ാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു.)

ഇപ്രകാരം ക്ഷമ നഷ്ടപ്പെട്ട് ദുരിതങ്ങൾ ഏറ്റുവാങ്ങിയവരുടെ ലിസ്റ്റ് നോക്കിയാൽ അതിൽ നാമും ഉൾപ്പെടില്ലേ? ദൈവം പ്രവർത്തിക്കുന്ന സമയത്തിനുവേണ്ടി കാത്തിരിക്കാതെ എത്രയോ തവണ തിടുക്കം കാണിച്ച് നമ്മളും പല പ്രശ്നങ്ങളിൽ ചെന്നു പെട്ടിരിക്കുന്നു! 1 പത്രൊസ് 5:6 ൽ പറയുന്നത്, "അതുകൊണ്ട് അവൻ തക്കസമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ." ദൈവം തക്കസമയത്ത് പ്രവർത്തിക്കും. ആ തക്ക സമയം അബ്രാഹാമിനോടുള്ള ബന്ധത്തിൽ 25 വർഷമായിരുന്നു. കർത്താവിന്റെ വീണ്ടുംവരവിനോടുള്ള ബന്ധത്തിൽ 2020ൽ പരം വർഷം കഴിഞ്ഞിട്ടും ആ തക്കസമയം ആയിട്ടുമില്ല.

**'എന്നോടു ഉത്തരം അരുളിയത്'**

ഹബക്കൂകിന്റെ ചോദ്യങ്ങൾക്ക് (1:13–17) ദൈവത്തിൽനിന്നു മറുപടി ലഭിച്ചു. നമ്മുടെ പ്രാർത്ഥനകൾക്കും ചോദ്യങ്ങൾക്കുമെല്ലാമുള്ള ഉത്തരം നമ്മുടെ ദൈവത്തിന്റെ പക്കലുണ്ട്. പൗലൊസിന്റെ അപേക്ഷയ്ക്ക് ലഭിച്ച ഉത്തരം 'എന്റെ കൃപ നിനക്കു മതി' എന്നായിരുന്നു. നാം ഉദ്ദേശിക്കുന്ന/ പ്രതീക്ഷിക്കുന്ന മറുപടി തന്നെ ദൈവത്തിൽനിന്നു കിട്ടിക്കൊള്ളണമെന്നില്ല എന്നും കൂടി നാം ഓർത്തിരിക്കണം. ദൈവം തരുന്ന മറുപടി പിറുപിറുപ്പ് കൂടാതെ നാം സ്വീകരിക്കണം.

**'എഴുതുക'**

എഴുതുക എന്നു ദൈവം പറഞ്ഞപ്പോൾ എഴുതുവാൻ ആളുണ്ടായി. അതുകൊണ്ട് ഈ തിരുവെഴുത്തുകൾ നമുക്ക് ലഭിച്ചു. ദൈവം എന്താണോ നമ്മോട് ആവശ്യപ്പെടുന്നത് അത് നാം ചെയ്താൽ തലമുറകൾ അതുനിമിത്തം അനുഗ്രഹിക്കപ്പെടുമെന്നു ഉറപ്പാണ്.

യോഹന്നാനോടു ദൈവം പറഞ്ഞു: 'നീ കാണുന്നത് ഒരു പുസ്തകത്തിൽ എഴുതുക' (വെളിപ്പാട് 1:11); മോശെയോട് ദൈവം പറഞ്ഞു: 'നീ ഇത് ഓർമ്മയ്ക്കായിട്ട് ഒരു പുസ്തകത്തിൽ എഴുതുക' (പുറപ്പാട് 17:14); യെശയ്യാവിനോട് പറഞ്ഞു: 'അതിനെ ഒരു പലകയിൽ എഴുതി ഒരു രേഖയായി കുറിച്ചുവയ്ക്കുക' (യെശയ്യാവ് 30:8); യിരമ്യാവിനോട് ദൈവം പറഞ്ഞു: 'ഞാൻ നിന്നോടു അരുളിച്ചെയ്തിരിക്കുന്ന സകല വചനങ്ങളെയും ഒരു പുസ്തകത്തിൽ എഴുതി വയ്ക്കുക' (യിരമ്യാവ് 30:8); യെഹെസ്കേലിനോട് ദൈവം പറഞ്ഞു: 'അവർ കാൺകെ എഴുതിവയ്ക്കുക' (യെഹെസ്കേൽ 43:11). ഇവരൊക്കെ ദൈവം പറഞ്ഞത് കേട്ട് എല്ലാം എഴുതിവച്ചു. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും ആ എഴുത്തുകൾ നിരവധി പേർക്ക് പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്നു.

**'ഓടിച്ചുവായിക്കാൻ തക്കവണ്ണം... തെളിവായി വരയ്ക്കുക'**

എഴുതുമ്പോൾ നല്ല വ്യക്തതയോടെ എഴുതണം. എല്ലാവർക്കും അത് കൃത്യമായി വായിക്കാൻ കഴിയണം. നാം ആശയവിനിമയം നടത്തുമ്പോൾ–സംസാരമായാലും, എഴുത്തായാലും–അതിന് വ്യക്തത വേണം. ലളിതമായ രീതിയിൽ, വളച്ചുകെട്ടില്ലാതെ കാര്യങ്ങൾ അവതരിപ്പിക്കാൻ നാം പഠിക്കണം, പരിശീലിക്കണം. ആശയവിനിമയത്തിൽ വന്നുചേരുന്ന പാളിച്ചകൾ നമ്മുടെ സ്നേഹബന്ധങ്ങളെ പ്രതികൂലമായി ബാധിക്കും എന്നതിന് എത്രയോ ഉദാഹരണങ്ങൾ തിരുവെഴുത്തിലും ചരിത്രത്തിലും ഉണ്ട്. ❍


## ഹീബ്രുഭാഷയിലുള്ള ബൈബിൾ സൗജന്യം

Theological Students ന് വളരെ ആവശ്യമുള്ള ഈ ബൈബിൾ സൗജന്യമായി ലഭിക്കുന്നു. പത്ത് രൂപയുടെ തപാൽസ്റ്റാമ്പ് സഹിതം ഉടനെ എഴുതുക. നിങ്ങളുടെ വിലാസം മുഴുവനായി എഴുതാൻ മറക്കരുത്,

**A V Jose, Edenthottam, Chowannur, Thrissur - 680 517**

# 33 ചോദ്യവും ഉത്തരവും

**-എംവിഎസ്-**

? *ശവം ഉള്ളേടത്ത് കഴുക്കൾ കൂടും (മത്തായി 24:28) എന്നു കർത്താവ് പറഞ്ഞതിന്റെ അർത്ഥമെന്താണ്?*

**മറുപടി:**

ഈ വാക്യത്തിന് പറഞ്ഞുകേട്ടിട്ടുള്ള മൂന്നു വിശദീകരണങ്ങൾ ആദ്യമേ നോക്കാം:

(1) ശവം = യെഹൂദർ; കഴുകന്മാർ = റോമൻസൈന്യം; **ആശയം:** പാപം ചെയ്ത യെഹൂദരെ റോമൻസൈന്യം നശിപ്പിക്കും.

(2) ശവം = തിന്മ ചെയ്യുന്നവർ; കഴുകന്മാർ = ദൈവദൂതന്മാർ; **ആശയം:** പാപം ചെയ്ത ജനത്തിന്മേൽ ദൂതന്മാർ ന്യായവിധി നടത്തും.

(3) ശവം = യേശുക്രിസ്തു; കഴുകന്മാർ = വിശ്വാസികൾ; **ആശയം:** യേശുക്രിസ്തുവിന്റെ വരവിങ്കൽ വിശ്വാസികൾ കർത്താവിന്നരികെ ഒത്തുകൂടും.

ശവമുള്ളിടത്ത് കഴുകന്മാർ വന്നുകൂടും (POCതർജ്ജമ) എന്ന് കർത്താവ് പറഞ്ഞതിന്റെ അർത്ഥം സന്ദർഭം പരിശോധിച്ച് മനസ്സിലാക്കാൻ നാം ശ്രമിക്കണം. മനുഷ്യപുത്രന്റെ വരവ് ആണ് അവിടത്തെ വിഷയം. ഇക്കാര്യം ലൂക്കൊസ് 17:22-37ലും കാണാം. അവിടെ അല്പം കൂടി വിശദീകരണമുണ്ട്. ''ആ രാത്രിയിൽ രണ്ടുപേർ ഒരു കിടക്കമേൽ ആയിരിക്കും. ഒരുത്തനെ കൈക്കൊള്ളും. മറ്റവനെ ഉപേക്ഷിക്കും...'' എന്നിങ്ങനെ കർത്താവ് പറഞ്ഞപ്പോൾ ശിഷ്യന്മാർ ''കർത്താവേ എവിടെ'' എന്നു ചോദിച്ചു. ഇതെല്ലാം എവിടെ സംഭവിക്കും എന്നാണ് ശിഷ്യന്മാർ ചോദിച്ചത്. അതിനു മറുപടിയായി കർത്താവ് പറഞ്ഞു: ''ശവം ഉള്ളേടത്ത് കഴുക്കൾ കൂടും.''

മനുഷ്യപുത്രന്റെ വരവ് (മത്തായി 24:27), അഥവാ മനുഷ്യപുത്രൻ വെളിപ്പെടുന്ന നാൾ (ലൂക്കൊസ് 17:30) - ഇതിനെക്കുറിച്ചാണ് ഇവിടെ വിവരിക്കുന്നത്. കഴുകന്മാർ വട്ടമിട്ടു പറക്കുകയും കൂട്ടമായി വന്നുചേരുകയും ചെയ്യുന്നത് നോക്കി ശവമുള്ള സ്ഥലം തിരിച്ചറിയാം. അതായത്, കർത്താവ് വന്നു, ദേ, അവിടെയുണ്ട്, ഇവിടെയുണ്ട് എന്നൊന്നും പറഞ്ഞ് നമ്മെ ആരും ചതിക്കാൻ അവസരം കൊടുക്കരുത് (മത്തായി 24:24-26). കർത്താവ് വന്നുവോ ഇല്ലയോ എന്ന് മറ്റൊരാൾ പറഞ്ഞുതരേണ്ട കാര്യമില്ല.

കർത്താവിന്റെ വരവും എല്ലാവർക്കും (എല്ലാ വിശ്വാസികൾക്കും) കാണാം. കഴുകന്മാർ കൂട്ടംകൂടുന്നതു നോക്കി ശവമുള്ള കാര്യം തിരിച്ചറിയുന്നതു പോലെ കർത്താവിന്റെ വരവും വ്യക്തമായി തിരിച്ചറിയാം.

**വ്യത്യസ്ത വ്യാഖ്യാനങ്ങൾ**

### *Wycliffe Bible Commentary*

ആത്മികമായി മരിച്ച ആളുകളുടെ (ശവം) അടുത്തേക്ക്, ദൈവിക ശിക്ഷാവിധിയുമായി ദൂതന്മാർ (കഴുകന്മാർ) വരും (വെളിപ്പാട് 19:17,17)

### *The MacArthur Study Bible*

ശവം കിടക്കുന്ന സ്ഥലം കഴുകന്മാരെ നോക്കി തിരിച്ചറിയാവുന്നതു പോലെ കർത്താവിന്റെ വരവ് എല്ലാവർക്കും വ്യക്തമായിരിക്കും. ശവം-കഴുകൻ സാദൃശ്യം, കർത്താവിന്റെ വരവിനോട് അനുബന്ധിച്ചുള്ള ശിക്ഷാവിധിയെയും കാണിക്കുന്നു.

### *Scofield Reference Bible*

എവിടെ ധാർമ്മിക അധഃപതനം സംഭവിക്കുന്നുവോ, അവിടെ ദൈവിക ശിക്ഷാവിധി ഉണ്ടാകും.

### *The NIV Study Bible*

ശവത്തിനുചുറ്റും കഴുകന്മാർ കൂട്ടം കൂടുന്നതുപോലെ കർത്താവിന്റെ വരവ് സ്പഷ്ടമായിരിക്കും.

### *Pulpit Commentary*

ശവം എവിടെയായിരുന്നാലും കഴുകന്മാർ അത് പെട്ടെന്നു നിരീക്ഷിക്കുകയും അതിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യുന്നു. അതുപോലെ ക്രിസ്തുവിന്റെ വരവ് എല്ലാവരും ഉടൻ മനസ്സിലാക്കുകയും അതിലേക്ക് ആകർഷിക്കപ്പെടുകയും ചെയ്യും.

### *Matthew Henry's Commentary*

പാപത്തിൽ ജീവിക്കുന്ന യെഹൂദരാണ് ഇവിടത്തെ ശവം. റോമൻ സൈന്യമാണ് കഴുകന്മാർ. പാപം ചെയ്ത യെഹൂദാജനത്തെ ദൈവം റോമൻസൈന്യത്താൽ നശിപ്പിക്കും.

*ഈ വ്യാഖ്യാനങ്ങളിൽ സന്ദർഭത്തിനു ചേരുന്നത്* ***The MacArthur Study Bible, The NIV Study Bible, Pulpit Commentary*** *എന്നിവയുടേതാണ് എന്നാണ് എന്റെ അഭിപ്രായം.*

# ബൈനോക്കുലർ

19

## ബാലാവകാശകമ്മീഷന് അഭിനന്ദനങ്ങൾ!

എൻസിഇആർടി കുട്ടികളുടെ പഠനവും പഠനാന്തരീക്ഷവുമായി ബന്ധപ്പെട്ട് ജെൻഡർ വേർതിരിവ് ഇല്ലാതാക്കാനായി ഒരു പതിനാറംഗ കമ്മിറ്റിയെ നിയോഗിക്കുകയും അവർ കരട് മാർഗ്ഗരേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ശുചിമുറികൾ വേണ്ടെന്നും രണ്ടു കൂട്ടർക്കും ഒരേ ശുചിമുറികൾ തന്നെ മതിയെന്നുമാണ് അവർ മുന്നോട്ടുവച്ച ഒരു നിർദ്ദേശം. ജെൻഡർ ന്യൂട്രൽ ശുചിമുറികൾ ക്രമീകരിക്കണമെന്ന്!

ബാലാവകാശ കമ്മീഷൻ ഇതിനെ ശക്തമായി എതിർത്തു. അതുകൊണ്ട് ആ നിർദ്ദേശം മാറ്റിയത്രേ! ഇല്ലായിരുന്നെങ്കിൽ ആൺകുട്ടികളും പെൺകുട്ടികളും ഒരേ ശുചിമുറികളിൽ കയറുന്ന സാഹചര്യം നമ്മുടെ സ്കൂളുകളിൽ ഉണ്ടാവുമായിരുന്നു. അല്ല, ഞാൻ അറിയാഞ്ഞിട്ട് ചോദിക്കുവാ: 16 അംഗ കമ്മിറ്റിയംഗങ്ങളേ, നിങ്ങൾക്കൊക്കെ എന്തിന്റെ അസുഖമാണ്?

പത്രവാർത്ത നോക്കാം:

> സ്കൂളുകളിൽ ജെൻഡർ ന്യൂട്രൽ ശുചിമുറികൾ ക്രമീകരിക്കണമെന്നായിരുന്നു പിൻവലിച്ച മാർഗ്ഗരേഖയിലെ ഒരു വ്യവസ്ഥ. ലൈംഗിക അതിക്രമങ്ങൾ വർദ്ധിക്കാൻ ഇത് കാരണമായേക്കുമെന്ന് ബാലാവകാശ കമ്മീഷൻ പ്രതികരിച്ചിരുന്നു (2023 ജനുവരി 18 ലെ പത്രവാർത്ത).

ഷൈൻ ചെയ്യുക എന്ന ഒറ്റ ലക്ഷ്യത്തോടെ ഇത്തരം പക്വതയില്ലാത്ത നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുമ്പോൾ മാതാപിതാക്കളുടെ അഭിപ്രായം കൂടി അറിയാൻ ഇവരൊക്കെ ശ്രമിക്കാത്തത് എന്ത്?

ആൺകുട്ടിയെയും പെൺകുട്ടിയെയും ഒരേ വേഷം ധരിപ്പിച്ചും, ഒരുമിച്ച് ഇരുത്തിയും, ഒരേ ശുചിമുറി ഉപയോഗിപ്പിച്ചും ജെൻഡർ ന്യൂട്രാലിറ്റി വരുത്താൻ ശ്രമിക്കുന്നവർ വിഡ്ഢികളുടെ ലോകത്താണെന്നു പറയേണ്ടിയിരിക്കുന്നു. തുല്യഅവസരവും, തുല്യഅംഗീകാരവും, തുല്യബഹുമാനവും ഇരുകൂട്ടർക്കും കൊടുക്കുകയാണ് വാസ്തവത്തിൽ വേണ്ടത്.

ജെൻഡർ ന്യൂട്രാലിറ്റി എന്ന ആശയം തന്നെ ശരിയാണോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. കാരണം ജെൻഡർ ന്യൂട്രാലിറ്റി ഇല്ലാത്ത ശരീരമാണ് നമ്മുടേത്. ആണിന്റെയും പെണ്ണിന്റെയും ശരീരത്തിൽ ഒരിക്കലും ജെൻഡർ ന്യൂട്രാലിറ്റി വരുത്താൻ കഴിയില്ല. ആൺകുട്ടി എന്നും ആൺകുട്ടിയും പെൺകുട്ടി എന്നും പെൺകുട്ടിയും ആയിരിക്കും. വസ്ത്രം ഒരുപോലെ ധരിച്ചതുകൊണ്ടോ, മുടി ഒരുപോലെ വെട്ടിയതുകൊണ്ടോ, ഒരുമിച്ച് ഇരുന്നതുകൊണ്ടോ, ഒരുമിച്ച് ഒരു മുറിയിൽ കഴിഞ്ഞതുകൊണ്ടോ ആൺകുട്ടിയും പെൺകുട്ടിയും അപ്രകാരമല്ലാതെയാകുന്നില്ലല്ലോ. പിന്നെ എന്തിനാണ് ഈ പ്രഹസനം?

ശരീരത്തിലുള്ള വ്യത്യാസം വേഷത്തിലും സ്വഭാവത്തിലും കൂടി കാണിക്കുന്നത് കൊണ്ട് ഇവിടെ എന്തു പ്രശ്നമാണ് ഉണ്ടാകുന്നത്? എത്രയോ ഗുരുതരമായ പ്രശ്നങ്ങൾ സ്കൂൾ-കോളേജ് കുട്ടികളുടെ ഇടയിലുണ്ട്! അവയ്ക്കൊന്നും ഫലകരമായ പരിഹാരം കാണാൻ ശ്രമിക്കാതെ ആൺ-പെൺ വ്യത്യാസം ഇല്ലാതാക്കാൻ കഠിനാദ്ധ്വാനം ചെയ്യുന്ന അധികാരികളും ഉദ്യോഗസ്ഥവൃന്ദവും സ്വയം പരിഹാസകഥാപാത്രങ്ങളാവുകയാണ് ചെയ്യുന്നത്.

കുട്ടികളെ ശിക്ഷിക്കാൻ പാടില്ല; ശിക്ഷിച്ചാൽ ശാരീരിക പീഡനം! ശകാരിക്കാൻ പാടില്ല; ശകാരിച്ചാൽ മാനസിക പീഡനം! മാതാപിതാക്കൾക്കോ അദ്ധ്യാപകർക്കോ കുട്ടികളെ ശിക്ഷിക്കാൻ പാടില്ല. പോലീസ് അറസ്റ്റ് ചെയ്തുകൊണ്ടുപോകും. അച്ചടക്കം നിലനിർത്തുന്നതിന്റെ ഭാഗമായി ഒരു നിയമവും കൊണ്ടുവരാൻ കഴിയാത്ത അവസ്ഥ എത്ര ഭയാനകമാണ്! വിദ്യാർത്ഥികളെ നന്നാക്കാൻ വേണ്ട യാതൊരു ആശയവും നമ്മുടെ പരിഷ്കർത്താക്കളുടെ കൈവശം ഇല്ല. ഉള്ള ആശയങ്ങളാകട്ടെ നടപ്പാക്കിയാൽ സഭ്യതയുടെയും സംസ്കാരത്തിന്റെയും എല്ലാ മതിൽക്കെട്ടുകളും തകരുകയും ചെയ്യും.

ആൺകുട്ടികൾക്ക് രാത്രി എത്ര നേരവും പുറത്തിറങ്ങി സഞ്ചരിക്കാമെങ്കിൽ പെൺകുട്ടികൾക്കും അതുപോലെ രാത്രി എത്ര നേരം വേണമെങ്കിലും പുറത്ത് കറങ്ങിനടക്കാമത്രേ! ബഹുമാനപ്പെട്ട കോടതിയുടെ പരാമർശമാണിത്. ആണും പെണ്ണും എന്ന ഭേദം വേണ്ടപോലും! ഇത്തരം പരാമർശങ്ങൾ നടത്തി തലയിൽ ഓളമുള്ള ചിലരുടെ കയ്യടി വാങ്ങിക്കൂട്ടുന്നതിനു മുമ്പ്, പെൺകുട്ടികൾ മാത്രമാണ് പ്രസവിക്കുന്നതെന്നും ആൺകുട്ടികൾ പ്രസവിക്കുന്നില്ലെന്നും കൂടി ബഹുമാനപ്പെട്ട കോടതി ഒന്നു ഓർത്തിരുന്നെങ്കിൽ!

എല്ലാവർക്കും നല്ല ബുദ്ധിയുണ്ടാകട്ടെ എന്നു ആശംസിക്കുന്നു. ❍

# ഇമ്മാനുവിന്റെ സംശയങ്ങൾ 39

**എംവിഎസ്**

## *നിരോധനമല്ല വേണ്ടത്!*

*ഇമ്മാനു ഉൾപ്പെടെയുള്ള എല്ലാ കഥാപാത്രങ്ങളും സാങ്കല്പികമാണ്*

"തത്തയ്ക്ക് പച്ച നിറമുണ്ട്. പശുവിനെന്താ പച്ച നിറമില്ലാത്തെ?"

ഇമ്മാനുവിന്റെ ചോദ്യം കേട്ടപാടെ എന്റെ ഭാര്യ "അടുക്കളേൽ പണീണ്ട്" എന്നു പറഞ്ഞ് അവിടെനിന്നും തടിതപ്പി.

ഞാൻ അവന്റെ ചോദ്യം കേൾക്കാത്ത പോലെ ഇരുന്നു.

"പപ്പാ, പപ്പാ" എന്നു അവൻ എന്നെ തോണ്ടിവിളിച്ചു. എന്നിട്ട് പറഞ്ഞു:

"അതിന്റെ ഉത്തരം അറിയില്ലെങ്കിൽ വേണ്ട. ഇതിന്റെ പറ. പച്ച നിറത്തിലുള്ള പുല്ല് തിന്നിട്ട് എന്താ ചാണത്തിന് പുല്ലിന്റെ പച്ചനിറം ഇല്ലാത്തത്?"

ഞാൻ വീണ്ടും കേൾക്കാത്ത പോലെ ഇരുന്നു. നാലാംക്ലാസ്സിലേ ആയിട്ടുള്ളൂ അവൻ. അല്ലെങ്കിൽ ഞാൻ ഒരെണ്ണം അവന് കൊടുത്തേനേ. അവന്റെ ഓരോ സംശയങ്ങള്...

"പപ്പാ എന്താ പിറുപിറുക്കുന്നെ? വാ തുറന്ന് സംസാരിക്ക്."

ഞാൻ അവനെ നോക്കി കണ്ണുരുട്ടി.

''ഞാൻ എന്റെ സംശയങ്ങള് പിന്നെ ആരോടാ ചോദിക്ക്യാ?"

"എന്നോട് ചോദിച്ചോളൂ ഇമ്മാനുക്കുട്ടാ" എന്നു പറഞ്ഞ് അയൽവാസിയായ അന്ത്രോസ്ബ്രദറ് അപ്പോഴേക്കും വന്നു.

എനിക്കാശ്വാസമായി. ഇനി അന്ത്രോസ്ബ്രദർ നോക്കിക്കോളും.

"ഞാൻ പപ്പോട് ചോദിച്ച ചോദ്യം അന്ത്രോസങ്ക്ളിനോട് ചോദിക്കുന്നില്ല. വേറെ ചോദിക്കാം." ഇമ്മാനു ഇത്രയും പറഞ്ഞപ്പോൾ, അന്ത്രോസ്ബ്രദർ ഞെളിഞ്ഞ് നിന്നു വീരവാദം മുഴക്കി: "അതെയതെ, നല്ലോണം ടഫ് ആയ ചോദ്യങ്ങൾ ചോദിക്ക്."

ഇമ്മാനു പത്രമെടുത്ത് വായിച്ചു. "പാൻമസാല നിരോധിക്കലല്ല, പ്രതിരോധമാണ് വേണ്ടത് എന്ന് ശശി തരൂർ. പാൻമസാല കാൻസറിനു കാരണമാകുന്നു എന്നതുൾപ്പെടെയുള്ള ദൂഷ്യവശങ്ങൾ കുട്ടികളെ പറഞ്ഞു മനസ്സിലാക്കുകയാണ് വേണ്ടത്. അല്ലാതെ പാൻമസാല നിരോധിക്കയല്ല വേണ്ടത്."

ഇത്രയും വായിച്ചതിനുശേഷം ഇമ്മാനു അന്ത്രോസ്ബ്രദറിനെ നോക്കി.

"ഇത് ഏത് ദെവസത്തെ പത്രമാണ്?

"2023 ജനുവരി 18 ലെ"

"എന്താ ഇമ്മാനുട്ടന്റെ ചോദ്യം?"

"അതായത്, പാൻമസാലയുടെ ദൂഷ്യവശങ്ങൾ കുട്ടികൾക്ക് പറഞ്ഞ് ബോധ്യപ്പെടുത്തിയാൽ മതിയെന്നും അല്ലാതെ പാൻമസാല നിരോധിക്കേണ്ടതില്ലെന്നും ആണല്ലോ ശശി തരൂർ പറഞ്ഞത്?"

"അതെ. അതിന്..?"

"അങ്ങനെയെങ്കിൽ കോപ്പിയടിയുടെ ദൂഷ്യവശങ്ങൾ കുട്ടികൾക്ക് പറഞ്ഞുകൊടുത്താൽ പോരേ? പരീക്ഷയ്ക്ക് കുട്ടികൾ കോപ്പിയടിക്കുന്നത് എന്തിന് നിരോധിക്കണം?"

അന്ത്രോസ്ബ്രദറിന്റെ മുഖത്തെ പ്രകാശം മാഞ്ഞു. ഇമ്മാനു പിന്നെയും നിന്ന് കത്തുകയാണ്.

"കുട്ടികളുടെ ഇടയിലെ പ്രേമത്തിന്റെ ദൂഷ്യവശങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തിയാൽ പോരേ? എന്തിനാ പ്രേമത്തെ തടയുന്നത്?"

ഇതും കേട്ടപാടെ അവന്റെ അമ്മ അടുക്കളയിൽനിന്നും "ഢാാാ..." എന്നു അലറിവിളിച്ച് വലിയൊരു തവിയുമായി ഓടിവന്നു.

ഇമ്മാനു ജീവനുംകൊണ്ട് പറമ്പിലേക്ക് ഓടി. അവിടെനിന്നുകൊണ്ട് ഓളിയിട്ട് പറഞ്ഞു: "ദൂഷ്യവശങ്ങൾ പറഞ്ഞുബോധ്യപ്പെടുത്തിയാൽ മതി,

---




—ജെയ്മോഹൻ അതിരുങ്കൽ—

*വാഴക്കുല* എന്ന കവിത എഴുതിയത് ചങ്ങമ്പുഴ ആണ്. പക്ഷേ ആ കവിത വൈലോപ്പിള്ളി ആണ് എഴുതിയത് എന്ന് ഒരു പിഎച്ച്ഡി പ്രബന്ധത്തിൽ അബദ്ധവശാൽ ഒരാൾ എഴുതിവച്ചു. അത് വിവാദമാവുകയും ചെയ്തു.

ബൈബിളിലെ കാര്യങ്ങൾ പ്രസ്താവിക്കുമ്പോൾ, ശരിയാണോ എന്നു പരിശോധിക്കാതെ തോന്നിയത് വച്ചുകാച്ചുന്നവർ ഒന്നു ശ്രദ്ധിക്കുന്നത് നല്ലതാണ്. (എഡിറ്റർ)

അല്ലാതെ തല്ലാൻ വര്യല്ല വേണ്ടത്."

എന്റെ ഭാര്യ പല്ലിറുമ്മി അടുക്കളയിലേക്ക് പോയി. ഇമ്മാനു വീണ്ടും പ്രസംഗം തുടർന്നു:

''അന്ത്രോസങ്കിള് പറ, ചീത്ത വീഡിയോകളുടെ ദൂഷ്യവശങ്ങൾ കുട്ടികളെ പറഞ്ഞുബോധ്യപ്പെടുത്തുകയല്ലേ വേണ്ടത്? അല്ലാതെ കുട്ടികൾ ചീത്ത വീഡിയോകൾ കാണുന്നത് വീട്ടുകാർ തടയാൻ പാടുണ്ടോ?"

അന്ത്രോസ്ബ്രദർ എന്നെ നിസ്സഹായനായി നോക്കി. ഞാൻ ഒരു വടിയെടുത്ത് അവന്റെ അടുത്തേക്ക് പാഞ്ഞു. ജീവനുംകൊണ്ട് അവനും ഓടി.

''ബ്രദറേ, വേണ്ട ബ്രദറേ" അന്ത്രോസ്ബ്രദറ് തടഞ്ഞതുകൊണ്ട് മാത്രം ഞാൻ തിരിച്ചുപോന്നു. അല്ലെങ്കിൽ അവന്റെ നടുംപുറത്ത് നോക്കി ഞാൻ ഒന്ന് പൊട്ടിച്ചേനേ. അവന്റെ ഓരോ സംശയങ്ങള്...

"എന്താ ഇവിടെ പ്രശ്നം?"

ദാ വരുന്നു ഇറ്റ്യാനംചേടത്തി. അന്ത്രോസ്ബ്രദറും ഇറ്റ്യാനംചേടത്തിയും തമ്മിൽ കണ്ടാൽ പിന്നെ തൃശ്ശൂർപൂരമാണ്.

''ഇമ്മാനു അന്ത്രോസ്ബ്രദറിനോട് ചില സംശയങ്ങൾ ചോദിച്ചതാണ്." ഞാൻ വിശദീകരിച്ചു.

ഇത് കേട്ടതോടുകൂടി ഇറ്റ്യാനംചേടത്തി പൊട്ടിച്ചിരിച്ചു. എന്നിട്ട് ചിരിയുടെ ഇടയിൽ കിതച്ചുകൊണ്ട് ചോദിച്ചു. "അന്ത്രോസാര്? പണ്ഡിതനോ?"

അന്ത്രോസ്ബ്രദർ ഇറ്റ്യാനംചേടത്തിയെ തുറിച്ചുനോക്കി. അത് വകവയ്ക്കാതെ ഇറ്റ്യാനംചേടത്തി ഉറക്കെ പറഞ്ഞു:

"ഇമ്മാനുട്ടാ, വരൂ... സംശയങ്ങള് ആന്റി പറഞ്ഞുതരാം."

"ഒരു ആന്റി..." എന്നും പറഞ്ഞ് അന്ത്രോസ്ബ്രദർ നീട്ടി ഒരു തുപ്പ്!

പെട്ടെന്ന് ഇമ്മാനു ഓടി വന്നു. എന്നെ കണ്ടപ്പോൾ ഒന്നു പരുങ്ങി. അല്പം അകലെ മാറിനിന്നുകൊണ്ട് അവൻ ചോദിച്ചു:

"പഴകിയ ഭക്ഷണം ഉപയോഗിക്കുന്നതിന്റെ ദൂഷ്യവശങ്ങൾ ഹോട്ടലുകാരെ പറഞ്ഞുബോധ്യപ്പെടുത്തിയാൽ പോരേ? എന്തിനാ പഴകിയ ഭക്ഷണം നിരോധിക്കുന്നത്?"

ഇറ്റ്യാനംചേടത്തി വാ പൊളിച്ചു നിന്നു.

"കാട്ടുപന്നിയെയും മറ്റു കാട്ടുമൃഗങ്ങളെയും കൊന്നുതിന്നുന്നതിന്റെ ദൂഷ്യഫലങ്ങൾ പറഞ്ഞ് ആളുകളെ ബോധ്യപ്പെടുത്തിയാൽ പോരേ? കാട്ടുമൃഗങ്ങളെ വേട്ടയാടുന്നത് എന്തിനാ നിരോധിച്ചിരിക്കുന്നത്?"

ഇതും കേട്ടതോടുകൂടി ഇറ്റ്യാനംചേടത്തി തുറന്ന വാ അടച്ചുകൊണ്ട് പിറുപിറുത്തു: "ചെക്കന് വട്ടായെന്നാ തോന്നുന്നേ."

ഇറ്റ്യാനംചേടത്തി അന്ത്രോസ്ബ്രദറിനെ ദയനീയമായി നോക്കി. അനുഭവിച്ചോ എന്ന മട്ടിൽ അന്ത്രോസ്ബ്രദറും നിന്നു. എല്ലാ മുഖത്തേക്കും മാറി മാറി നോക്കി ഇമ്മാനുവും. ❍

## www.reallifevoice.in

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. ആഭരണധാരണം
4. സഭ
5. പരിശുദ്ധാത്മാവ്
6. യോവേൽ (പുസ്തകപഠനം)
7. ഓബദ്യാവ് (പുസ്തകപഠനം)
8. മീഖാ (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. Faith and Baptism: How Was It Taught and Practiced in the First Century?

**ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2023-25

Published on
17th February 2023

Posted at
Thrissur RMS

**ആനുകാലികം**

## 2019 നുശേഷം മോദിക്ക് 21 വിദേശയാത്രകൾ

അഭിനന്ദനങ്ങൾ മോദിജി! കോടികൾ മുടക്കി തുടർച്ചയായി ഇങ്ങനെ വിദേശരാജ്യങ്ങൾ സന്ദർശിക്കുന്നത് നിമിത്തം രാജ്യത്തിന് പ്രത്യേകിച്ച് ഗുണമൊന്നുമില്ലെങ്കിലും അങ്ങേക്ക് ഒരു വിശ്രമവും ഉല്ലാസവും ആനന്ദവും ഒക്കെ ലഭിക്കുമല്ലോ. ഞങ്ങളുടെ രാജ്യത്തെ ഭരിക്കുക എന്ന ഭാരിച്ച ഉത്തരവാദിത്തം നിർവഹിച്ച് തളർന്നവശനാകുമ്പോൾ ഇതുപോലെയുള്ള ചില അയച്ചുവിടൽ (റിലാക്സേഷൻ) നല്ലതാണ്. അതിനു ചെലവാകുന്ന കോടികളുടെ കാര്യത്തെക്കുറിച്ച് അങ്ങ് വേവലാതിപ്പെടേണ്ടതില്ല. ഞങ്ങൾ പൊതുജനം ആ ബാധ്യത തീർത്തുകൊള്ളും.

ഇതു സംബന്ധിച്ച പത്രവാർത്ത ഇതാ:

> 2019നു ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി നടത്തിയത് 21 വിദേശയാത്രകൾ. ഇതിനായി 22.76 കോടി രൂപ ചെലവഴിച്ചെന്ന് വിദേശകാര്യസഹമന്ത്രി വി. മുരളീധരൻ രാജ്യസഭയെ അറിയിച്ചു. ഇതേ കാലയളവിൽ രാഷ്ട്രപതി നടത്തിയ 8 വിദേശയാത്രകൾക്ക് 6.24 കോടി രൂപ ചെലവായി. 2019 നു ശേഷം പ്രധാനമന്ത്രി ജപ്പാൻ 3 തവണ സന്ദർശിച്ചു. യുഎസും യുഎഇയും 2 തവണ വീതവും. (2023 ഫെബ്രുവരി 3)

❍

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V